# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2372** — 09.03.2018-ലെ മറുപടി

## മലമ്പുഴ ഡാമിലെ എച്ച്.ആർ തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ജലസേചന വകുപ്പിനു കീഴിൽ മലമ്പുഴ ഡാമിൽ ഉദ്യാന പാലകരായി എച്ച്.ആർ (Hand Receipt) തസ്തികയിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) സ്ത്രീ തൊഴിലാളികളുടെ എണ്ണമനുസരിച്ച് ആനുപാതികമായി അവർക്ക് തൊഴിൽ ദിനങ്ങൾ നൽകുവാനും 01.04.2016 മുതൽ വർദ്ധിപ്പിച്ച മിനിമം വേതനം 600/- രൂപ വിതരണം ചെയ്യുവാനും സത്വര നടപടികൾ സ്വീകരിക്കുമോ; | (ബി) സ്ത്രീ തൊഴിലാളികളുടെ എണ്ണമനുസരിച്ചും ജോലിയുടെ ആവശ്യകതയനുസരിച്ചും തൊഴിൽ ദിനങ്ങൾ നൽകി വരുന്നു. 26.02.16-ലെ ജി.ഒ.(പി)നം.28/2016 ഫിൻ പ്രകാരം 01.04.2016 മുതൽ വർദ്ധിപ്പിച്ച വേതനം വിതരണം ചെയ്തു വരുന്നുണ്ട്. |
| (സി) പത്ത് വർഷത്തിലധികമായി ജോലി ചെയ്തുവരുന്ന എച്ച്. ആർ തൊഴിലാളികളെ സി. എൽ. ആർ (Casual Labour Receipt) ആക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ മലമ്പുഴ ഡാമിൽ ഇരുപത് വർഷത്തോളമായി ജോലി ചെയ്തുവരുന്ന എച്ച്. ആർ തൊഴിലാളികളെ സി.എൽ.ആർ ആക്കിമാറ്റി നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) പത്ത് വർഷത്തിലധികമായി ജോലി ചെയ്തു വരുന്ന എച്ച്. ആർ. തൊഴിലാളികളെ സി.എൽ.ആർ (Casual Labour Rececipt) ആക്കണമെന്ന് ഉത്തരവ് നിലവിലില്ല. |

സെക്ഷൻ ഓഫീസർ